## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 348 23.08.2017-ൽ മറുപടിക്ക്**

## വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് പദ്ധതി

| | ചോദ്യം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി പ്രസരണരംഗത്തുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വഴി എത്രത്തോളം പ്രസരണ നഷ്ടം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വഴി വൈദ്യുതി പ്രസരണ ശൃംഖലയിലെ പ്രസരണ നഷ്ടം 2015-16 അവസാന പാദത്തിലെ 4.52% എന്നതിൽ നിന്നും നേരിയ തോതിൽ കുറഞ്ഞ് 2017-18 ആദ്യപാദത്തിൽ 4.5% ആയി കുറഞ്ഞിട്ടുണ്ട്. |
| (ബി) | ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) | വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണ ശേഷി ഉയർത്തുന്നതിനുമായി, കെ എസ്. ഇ. ബി. എൽ, ട്രാൻസ് ഗ്രിഡ് 2.0 എന്ന സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് ഏകദേശം 10,000 കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 13 ലൈൻ പാക്കേജുകളും 9 സബ് സ്റ്റേഷൻ പാക്കേജുകളും ഉൾപ്പെടുന്നു.<br>കൂടാതെ, 2017-18 കാലയളവിൽ പൂർത്തീകരിക്കേണ്ട പദ്ധതികളുടെ ആന്യുവൽ പ്ലാനിൽ ഉൾപ്പെടുത്തി 41 സബ് സ്റ്റേഷനുകൾ പുതിയതായി നിർമ്മിക്കുവാനും, 10 സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കാനും, 16 ലൈൻ പ്രവൃത്തികൾ പൂർത്തിയാക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്. മാടക്കത്തറ 400 കെ.വി സബ് സ്റ്റേഷനിലെയും മറ്റ് പല സബ് സ്റ്റേഷനുകളിലെയും ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുവാനും, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനുമുള്ള പ്രവൃത്തികളും പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Hemalatha

**സെക്ഷൻ ഓഫീസർ**